ശ്രീ. എ. പി. അനിൽകുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഈ ഒരു ചോദ്യം ചോദിച്ചത് ചെറിയ ചില തെറ്റിദ്ധാരണകളുടെ അടിസ്ഥാനത്തിലാണ്. നിലവിൽ പഞ്ചായത്തുകൾക്ക് കൊടുത്തിരുന്ന ഒരു അധികാരവും സംസ്ഥാന ഗവൺമെന്റ് തിരിച്ചുപിടിച്ചിട്ടില്ല. പഞ്ചായത്തുകൾ കൊടുക്കുന്നതിനു പുറമേയാണ് സംസ്ഥാന ഗവൺമെന്റ് പട്ടികജാതി വികസന വകുപ്പിന് നൽകുന്നത്. പഞ്ചായത്തുകൾക്ക് നൽകിയ ഒരു അധികാരവും തിരിച്ചുപിടിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുമില്ല.

ഗ്രാമസഭകളുടെയും വാർഡുസഭകളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*2 [510] ശ്രീ. എം. എം. ഹസ്സൻ:
" എൻ. ഡി. അപ്പച്ചൻ:
" ഡി. സുഗതൻ:
" എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളായ ഗ്രാമസഭകളുടെയും, വാർഡുസഭകളുടെയും പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ,

(എ) ഉണ്ട്.

(ബി) ഗ്രാമസഭകളുടെയും വാർഡ് സഭകളുടെയും പ്രവർത്തനം മന്ദീഭവിക്കാനുള്ള കാരണങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാത്രമായിട്ടാണ് ഗ്രാമസഭ കൂടുന്നത് എന്ന ധാരണ.
2. ഗ്രാമസഭയുടെയും വാർഡ് സഭകളുടെയും പ്രവർത്തനങ്ങളെയും അധികാരങ്ങളെയും കുറിച്ച് ശരിയായ രീതിയിൽ മനസ്സിലാക്കാത്തതുകൊണ്ട്.
3. ഗ്രാമസഭ/വാർഡ് സഭ നടത്തുന്നതിനുള്ള മുൻ ഒരുക്കങ്ങളും, പ്രചരണങ്ങളും ശരിയായ രീതിയിൽ നടത്താത്തതുകൊണ്ട് ഇത് ഒരു ചടങ്ങായി മാറുന്നു.
4. ഗ്രാമസഭ/വാർഡ് സഭ വൈകുന്നേരം 6 മണിക്കുമുമ്പേ കൂടണമെന്നുള്ള നിബന്ധന മൂലമുള്ള അസൗകര്യം.
5. ചില സ്ഥലങ്ങളിലെ മെമ്പർമാരുടെ താൽപ്പര്യക്കുറവ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഗ്രാമസഭകൾ/വാർഡ് സഭകൾ എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ പഞ്ചായത്തിന്റെ വികസന പ്രക്രിയയുമായി ബന്ധപ്പെടുത്തി ഗ്രാമസഭകളിൽ പങ്കെടുക്കാൻ പ്രേരിപ്പിച്ചിട്ടുണ്ട്.

3. ഗ്രാമസഭ/വാർഡ് സഭ എന്നിവ ചേരുന്നത് അവലോകനം ചെയ്യാറുണ്ട്.

4. ഗ്രാമസഭ/വാർഡ് സഭ വിളിച്ചു ചേർക്കാത്ത മെമ്പർമാർക്കെതിരെ പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഇലക്ഷൻ കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ഇവിടെ സൂചിപ്പിച്ച നടപടികളെല്ലാം സ്വീകരിച്ചിട്ടും വാർഡ് ഗ്രാമസഭകളുടെ സമ്മേളനങ്ങളിൽ വേണ്ടത്ര ജനപങ്കാളിത്തം ഇല്ലാതെപോകുന്നു. പഞ്ചായത്ത് അധികൃതരും പഞ്ചായത്ത് മെമ്പർമാരും ഒരുപോലെ താല്പര്യമെടുക്കേണ്ടതിന്റെ സൂചനയാണിത്. അധികാര വികേന്ദ്രീകരണത്തിലെ അടിസ്ഥാന ഘടകമാണ് വാർഡ് സഭകളിലെ ജനപങ്കാളിത്തം. വികേന്ദ്രീകൃത ആസൂത്രണം വിലയിരുത്താൻ ഡിപ്പാർട്ടുമെന്റിൽ ഒരു പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക; വാർഡ് സഭകൾക്ക് പ്രചാരം നൽകുന്നതിന്റെ ഭാഗമായി ജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിന് ആവശ്യമായ പബ്ലിസിറ്റി നൽകുക എന്നീ കാര്യങ്ങൾ ഊർജ്ജിതപ്പെടുത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഈ ചോദ്യത്തിനുള്ള മറുപടിയുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കുന്നത് നല്ലതായിരിക്കുമെന്ന് എനിക്ക് തോന്നുകയാണ്. കേരള ജനതയ്ക്ക് എല്ലാ കാര്യത്തിലും പ്രബുദ്ധത ഉണ്ടെങ്കിലും ഗ്രാമസഭകളിലുള്ള ജനകീയ പങ്കാളിത്തത്തിന്റെ കാര്യത്തിൽ വേണ്ടത്ര പ്രബുദ്ധത വന്നിട്ടില്ല എന്നുള്ളത് സത്യമാണ്. ഇവിടെ സംഭവിക്കുന്നത് എന്താണെന്നുവച്ചാൽ, ഗ്രാമസഭകളിൽ നമ്മൾ പങ്കെടുക്കേണ്ട കാര്യമില്ല; ഇത് പാവപ്പെട്ടവർക്ക് ആനുകൂല്യം വാങ്ങാനുള്ള ഒരു സംവിധാനമാണ് എന്നാണ് ഉദ്യോഗസ്ഥർ അടക്കമുള്ള വിദ്യാഭ്യാസമുള്ള ആളുകൾ വിചാരിക്കുന്നത്. അതിനാൽ വിദ്യാഭ്യാസമുള്ള ജനവിഭാഗം ഗ്രാമസഭകളിൽ പങ്കെടുക്കുന്നില്ല. അതുകൊണ്ടുതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വാർഡ് ഗ്രാമസഭകൾ ഒരു ചടങ്ങായി മാറുന്ന സ്ഥിതിവിശേഷമുണ്ട്. ജനപ്രതിനിധികളും ഇതിനെ വളരെ താല്പര്യപൂർവ്വം കാണേണ്ട ഒരു കാര്യമാണ്. ഗ്രാമസഭകളിൽ അതതു പ്രദേശത്തെ ജില്ലാ പഞ്ചായത്ത് മെമ്പറും ബ്ലോക്ക് മെമ്പറും പങ്കെടുക്കണം. അവരെ ഗ്രാമസഭകളിലേയ്ക്ക് വിളിക്കാനും പങ്കെടുപ്പിക്കാനും ബാദ്ധ്യതയുണ്ട്.

ഇക്കാര്യത്തിൽ ജനങ്ങളുടെ ഭാഗത്തുനിന്നും വേണ്ടത്ര താല്പര്യം ഉണ്ടാകണം. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എം. ഹസ്സൻ ചൂണ്ടിക്കാണിച്ചത് രണ്ടു കാര്യങ്ങളാണ്. വികേന്ദ്രീകൃത ആസൂത്രണം വിലയിരുത്താൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. അത് തീർച്ചയായും ചെയ്യാം. രണ്ടാമത്തേത് പബ്ലിസിറ്റിയുടെ കാര്യമാണ്. നമ്മൾ നല്ല പബ്ലിസിറ്റി കൊടുക്കാറുണ്ട്. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റു മുഖേന വാർഡ് ഗ്രാമസഭകളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പത്രങ്ങളിൽ പരസ്യം കൊടുക്കുക, ഹൈസ്കൂൾ, +2 ലെവലിലുള്ള സ്കൂൾ കുട്ടികൾക്ക് പഞ്ചായത്തീരാജ് സംവിധാനത്തെക്കുറിച്ചും ഗ്രാമസഭകളെപ്പറ്റിയും ഉപന്യാസ മത്സരങ്ങൾ, ക്വിസ് കോമ്പറ്റീഷൻ എന്നിവ സംഘടിപ്പിക്കുക, അംഗീകരിച്ചിട്ടുള്ള സ്ലോഗൻസ് വലിയ ബോർഡുകളിലാക്കി പ്രദർശിപ്പിക്കുക, ടി.വി. പരസ്യങ്ങൾ കൊടുക്കുക എന്നീ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇനിയും വാർഡ് ഗ്രാമസഭകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ പരിശ്രമവും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ അധികാരമുള്ള അവസരത്തിലായിരുന്നു ആൾക്കൂട്ടം. അത് നിർത്തിയപ്പോഴാണ് ആൾക്കൂട്ടം കുറഞ്ഞത്. ഓരോ വാർഡിലും നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ പൂർണ്ണമായ അധികാരം ഗ്രാമസഭകൾക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ തരത്തിലുള്ള വികസന പ്രവർത്തനങ്ങളും അംഗീകരിക്കുന്ന ഒരു പ്രാഥമിക യൂണിറ്റായി ഇതിനെ മാറ്റാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബെനിഫിഷറീസിനെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയാണ്. ശരിക്കുപറഞ്ഞാൽ, വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാമസഭയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്താണ് തീരുമാനിക്കുന്നത്. അതിന്റെ മുഴുവൻ അതോറിറ്റിയും ഗ്രാമസഭയ്ക്ക് കൊടുക്കുകയെന്നുപറഞ്ഞാൽ വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഗ്രാമസഭയുടെ ശുപാർശയ്ക്ക് പഞ്ചായത്ത് നല്ല പ്രാധാന്യം കൊടുക്കും. അല്ലാതെ ഇത് പൂർണ്ണമായിട്ടും ഗ്രാമസഭകളിലേയ്ക്ക് കൊണ്ടുവരാൻ ഒക്കുകയില്ല. അതേസമയം പ്ലാൻ അംഗീകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഗ്രാമസഭയ്ക്ക് തന്നെയാണ് ഇപ്പോൾ അധികാരമുള്ളത്. വികസനം സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുന്നത് ഗ്രാമസഭയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഇപ്പോൾ ഗ്രാമസഭകളും വാർഡ് സഭകളും പ്രഹസനമായി മാറുകയാണ്. ഭരണഘടനാ ബാദ്ധ്യത നിറവേറ്റുന്നതിനു വേണ്ടിയുള്ള ഒരു ചടങ്ങായിട്ടാണ് ഈ കാര്യങ്ങളെ നോക്കിക്കാണുന്നത്. കാര്യംപോലും ഇല്ലാതെയാണ് ഗ്രാമസഭ ചേരുന്നത്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചൊന്നും ആലോചിക്കപ്പെടുന്നില്ല. ജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകാതെ ഗ്രാമസഭകൾ കൂടുന്നതുകൊണ്ടാണ് ആവശ്യത്തിന് ജനപങ്കാളിത്തം ഇല്ലാതെവരുന്നത്. ഈ സ്ഥിതിയിൽ മാറ്റം വരുത്തുന്നതിന്, ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രചരണം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഗ്രാമസഭകൾക്ക് വളരെ വിപുലമായ ഉത്തരവാദിത്വങ്ങളും അവകാശങ്ങളുമൊക്കെയുണ്ട്. പക്ഷേ അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. ഗ്രാമസഭകൾ ബെനിഫിഷറീസിനെ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു വേദിയായിട്ട് മാറുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിന് രൂപരേഖ തയ്യാറാക്കേണ്ടത് ഇതിലെ പ്രധാന ജോലിയാണ്. ശരിക്കും പറഞ്ഞാൽ, അധികാരവികേന്ദ്രീകരണത്തിന്റെ ഏറ്റവും താഴെത്തട്ട് എന്നുള്ള നിലയിൽ, ഗ്രാസ്സ്റൂട്ട് ലെവൽ പ്ളാനിംഗിന്റെ ഭാഗമായി ഏറ്റവുമധികം പങ്കുവഹിക്കാനുള്ള ഒരു വേദിയാണിത്. ആ സംവിധാനത്തിലേയ്ക്ക് ഗ്രാമസഭകൾ ഉയർന്നിട്ടില്ല. ജനങ്ങൾക്കിടയിൽ സൗഹാർദ്ദം വളർത്തുക; രാജ്യതാല്പര്യപരമായ കാര്യങ്ങൾ ഉയർത്തിക്കൊണ്ടുവരിക എന്നിത്യാദി വിശാലമായ കാര്യങ്ങൾകൂടി ഗ്രാമസഭകളുടെ അവകാശ അധികാര പരിധിയിലുണ്ട്. ഈ കാര്യങ്ങളെക്കുറിച്ച് പബ്ളിസിറ്റി ശക്തിപ്പെടുത്തിക്കൊണ്ട് ഗ്രാമസഭകൾ സജീവമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ഗ്രാമസഭകളിൽ ഉയർന്നുവരുന്ന നിർദ്ദേശമാണ് യഥാർത്ഥത്തിൽ ഓരോ ഗ്രാമത്തിന്റേയും വികസനത്തിനുവേണ്ടി തീരുമാനിക്കപ്പെടേണ്ടത്. ഇന്ന് അത് നടക്കുന്നില്ല. ഗ്രാമസഭകളിൽ ക്വാറം തികയുന്നില്ല. ഗ്രാമസഭകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് നടപ്പിലാക്കുന്നില്ല. പഞ്ചായത്തുകൾ തോന്നുന്ന രീതിയിലാണ് കാര്യങ്ങൾ നടപ്പിലാക്കുന്നത്. യഥാർത്ഥത്തിൽ ഗ്രാമസഭകളിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനമാണ് പഞ്ചായത്ത് അംഗീകരിച്ച് നടപ്പിലാക്കേണ്ടത്. അത് നടപ്പിലാക്കുന്നില്ലെന്നു മാത്രമല്ല ഉപഭോക്തൃ ലിസ്റ്റിൽ തിരിമറിയും ഉണ്ടാകുന്നുണ്ട്. അങ്ങനെ തിരിമറികൾ നടക്കുന്നതുമൂലം ജനങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ വിശ്വാസം തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി, ഭരണഘടനാപരമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. ഗ്രാമസഭകളെ സംബന്ധിച്ചിടത്തോളം അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിലേയ്ക്ക് ഉയർന്നിട്ടില്ല എങ്കിൽപ്പോലും പഞ്ചായത്ത് തീരുമാനമെടുക്കുന്ന സമയത്ത് ഗ്രാമസഭയുടെ പ്ളാൻ സംബന്ധിച്ച കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട്. അതിൽ പോരായ്മയില്ല. ക്വാറം തികയാത്ത പ്രശ്നമുണ്ട്. ക്വാറമെന്നു പറയുന്നത് ആകെയുള്ള വോട്ടർമാരുടെ പത്തു ശതമാനമാണ്. അത് തികഞ്ഞിട്ടില്ലെങ്കിൽ അടുത്ത മീറ്റിംഗിൽ 100 അംഗങ്ങൾ വേണം. അതാണ് ക്വാറം. മറ്റൊരു കാര്യംകൂടിയുണ്ട്; ക്രമക്കേടുകൾ എന്തെങ്കിലും ഉണ്ടാകുന്നുണ്ടെങ്കിൽ പരിഹരിക്കാൻ ഓംബുഡ്സ്മാൻ സംവിധാനം നിലവിലുണ്ട്. ബെനിഫിഷറീസിനെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് ഓംബുഡ്സ്മാനിൽ ധാരാളം പരാതികൾ നിലവിലുണ്ട്. എങ്കിൽപ്പോലും പ്ളാനിന്റെ അവസാന രൂപം നൽകുന്ന സമയത്ത് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നുണ്ട് എന്നുള്ളതാണ് സത്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡി. സുഗതൻ: സർ, ഗ്രാമസഭകളിലും വാർഡ് സഭകളിലും മെമ്പർമാരുടെ പങ്കാളിത്തം വളരെ കുറവാണ് എന്നുള്ള ആക്ഷേപമുണ്ട്. അതിന് പ്രധാന കാരണം ഈ യോഗങ്ങളിലെല്ലാം ജനപ്രതിനിധികളെ ഒരു തരം കുറ്റവിചാരണ ചെയ്യുന്ന രീതിയുണ്ട്. പല മെമ്പർമാരും പേടിച്ച് പോകാത്ത സ്ഥലങ്ങളുണ്ട്. വിമർശനങ്ങളെ ഭയന്ന് അവരെ ആരും വിളിക്കാറുമില്ല. വേണ്ടത്ര നോട്ടീസ് കൊടുത്തുകൊണ്ട് കാലേകൂട്ടി വീടുകളിലെത്തി നോട്ടീസ് ഒപ്പിട്ടുവാങ്ങി യോഗം നടത്താനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഗ്രാമസഭയുടെ കൺവീനറായ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ കാലേകൂട്ടി നോട്ടീസ് സെർവ് ചെയ്യേണ്ടത് ആവശ്യമാണ്. അദ്ദേഹം പറഞ്ഞതുപോലെ ചിലർക്ക് ജനങ്ങൾ വിചാരണ ചെയ്യുമെന്നുള്ള ഭയമുണ്ടാകുമായിരിക്കാം. ജനാധിപത്യത്തിന്റെ ആരോഗ്യപരമായ വളർച്ചയിൽ വിമർശനങ്ങൾക്ക് പ്രാധാന്യമുണ്ട്. ജനപ്രതിനിധികൾ നാട്ടുകാരുടെ മുമ്പിൽ ചെന്നുനിൽക്കുമ്പോൾ അവർ വിമർശിക്കട്ടെ, ആ സംസ്കാരത്തിലേയ്ക്ക് നമ്മുടെ നാട് ഉയർന്നുവരേണ്ടതാണ്. അതിൽ പേടിക്കേണ്ട കാര്യമില്ല. ജനാധിപത്യത്തിന്റെ ആരോഗ്യകരമായ വളർച്ച അതിനെ ആശ്രയിച്ചാണല്ലോ നിൽക്കുന്നത്.

ശ്രീ. ഡി. സുഗതൻ: സർ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു പോലുള്ള ഗ്രാമസഭകളുടെ തീരുമാനങ്ങൾ പഞ്ചായത്തിന്റെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇത് ആലോചിക്കാവുന്ന നിർദ്ദേശമാണ്. ഇക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ഗ്രാമസഭയിൽ നിശ്ചയിക്കുന്ന പദ്ധതിക്കും തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്കുമാണ് മുൻഗണന കൊടുത്തിരുന്നത്. ഇന്ന് പഞ്ചായത്ത് ആഫീസുകളിൽ മെമ്പർമാർ ഇരുന്ന് മുൻഗണനാ ലിസ്റ്റുകൾ അട്ടിമറിക്കുകയാണ്. യാതൊരു കാരണവശാലും ഇത് അനുവദനീയമല്ല. ജനാധിപത്യരീതി അനുസരിച്ച് ഏറ്റവും അടിസ്ഥാനമായ നിലയിൽ ഗ്രാമസഭകളാണ് ഈ പരിപാടികൾ നിശ്ചയിച്ചിരുന്നത്. പഞ്ചായത്ത് ഭരണസമിതി എന്ത് നിശ്ചയിച്ചാലും ഗ്രാമസഭയുടെ തീരുമാനമാണ് നടപ്പിലാക്കിക്കൊണ്ടിരുന്നത്. അതുകൊണ്ട് ഗ്രാമസഭകളിൽ തീരുമാനത്തിന്റെ അവസാനം അപ്പപ്പോൾത്തന്നെ മിനിട്സ് എഴുതാനും അതിനുശേഷം ഗ്രാമസഭയിൽ വന്നിട്ടുള്ള ആളുകളെക്കൊണ്ട് അതിനടിയിൽ ഒപ്പിടീക്കാനുമുള്ള ഒരു സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇവിടെ പറഞ്ഞതെല്ലാം ശരിയാണ്. പക്ഷേ കാര്യത്തിൽ ഇത്രയും വലിയ തകിടംമറിക്കൽ ഇല്ല. ഉണ്ടെങ്കിൽ നമ്മുടെ മുമ്പിൽ ഓപ്ഷനുണ്ടല്ലോ. ഒരു പഞ്ചായത്ത് മെമ്പർ ബെനിഫിഷറീസിനെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഗ്രാമസഭയിലെടുത്ത തീരുമാനത്തിന് വിരുദ്ധമായി തീരുമാനമെടുക്കുകയാണെങ്കിൽ അതിനെതിരെ പരാതി കൊടുക്കുന്നതിനുള്ള സംവിധാനമുണ്ട്. അത് തീർച്ചയായും ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരം

കാര്യങ്ങളിൽ നമ്മൾതന്നെയാണ് മുൻഗണനയെടുക്കേണ്ടത്. ഒരു പഞ്ചായത്ത് മെമ്പർ ഇതിനെതിരായിട്ട് നിൽക്കുന്നു എന്നുണ്ടെങ്കിൽ അങ്ങനെയുള്ള മെമ്പറെ വെറുതെ വിടാൻ പാടില്ല. അങ്ങനെയുള്ള മെമ്പറെ ജനമധ്യത്തിൽ കൊണ്ടുവരണം. എങ്കിൽമാത്രമേ നമ്മൾ വിചാരിച്ച സ്വഭാവത്തിലേയ്ക്ക് ഈ സംവിധാനം ഉയർന്നുവരികയുള്ളൂ. ഇനി മറിച്ചൊരു കാര്യംകൂടി പറയാനുണ്ട്. വളരെ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്ന മെമ്പർമാരുമുണ്ട്. അവർ നന്നായിട്ട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഏതെങ്കിലും മെമ്പർമാർ കൃത്രിമം കാണിക്കുന്നുണ്ടെങ്കിൽ നിയമത്തിന്റെ മുമ്പിലേയ്ക്ക് അവരെ കൊണ്ടുവരേണ്ടതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, സഹകരണ സംഘങ്ങളിലെ ജനറൽ ബോഡിയിൽ പങ്കെടുക്കുന്നവർക്ക് 25 രൂപയോ അതിന് മുകളിലോ ചെറിയ സിറ്റിംഗ് ഫീ ആയി കൊടുക്കാറുണ്ട്. അവരുടെ ജോലിയും മറ്റും മാറ്റിവച്ച് ഇതിൽ പങ്കെടുക്കുന്ന സാധാരണക്കാർക്ക് ഇൻസെന്റീവായിട്ട്, ഒരു പ്രോത്സാഹനമായിട്ട് ചെറിയൊരു തുക കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അത് പ്രായോഗികമല്ല. ഗ്രാമത്തിലെ മുഴുവൻ ജനങ്ങളും ഒത്തുചേരുന്ന സഭയിൽ നമുക്കത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, പദ്ധതി ആവിഷ്ക്കരണം, അതിന്റെ നിർവ്വഹണം, തുടർന്നുള്ള അതിന്റെ പ്രവർത്തനങ്ങൾ, മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗ്രാമസഭകൾക്ക് പങ്കുണ്ട്. ബാക്കിയുള്ള കാര്യങ്ങൾക്ക് കേരളത്തിൽ അധികം പങ്കില്ല എന്നതാണ് അനുഭവം. ഇതുസംബന്ധിച്ച് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും അതിന്റെ നിലനിൽപ്പിലും പ്രവർത്തനത്തിലും ഗ്രാമസഭകളുടെ സഹകരണം തേടാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ബഹുമാനപ്പെട്ട ശ്രീ. ഷൺമുഖദാസ് പറഞ്ഞ കാര്യം ശരിയാണ്. ഇതിൽ ഗവൺമെന്റിന് വ്യക്തതയുണ്ട്. ആക്റ്റിൽ പറഞ്ഞിട്ടുണ്ട്. പോരാത്തതിന് ഗൈഡ്ലൈനുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ കൂടണം. അങ്ങനെ ഒരു കൊല്ലം നാല് സഭ. ഒരു കൊല്ലം നാല് സഭ കൂടുന്ന സമയത്ത് നാല് സഭയും എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒന്നാമത്തെ ഗ്രാമസഭ മുൻവർഷത്തെ വികസന പ്രവർത്തനങ്ങളുടെ അവലോകനവും നടപ്പുവർഷത്തെ പദ്ധതി പ്രോജക്റ്റ് നിർദ്ദേശങ്ങളും, രണ്ടാമത്തേത്, ഗ്രാമസഭ അംഗീകരിച്ച പ്രോജക്റ്റുകളുടെ ചർച്ചയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കലും. മൂന്നാമത്തേത്, നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണം, അതാണ് ശ്രീ. ഷൺമുഖദാസ് പറഞ്ഞത്, ഗ്രാമപ്പഞ്ചായത്തുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ അവലോകനം. നാലാമത്തെ ഗ്രാമസഭ പുരോഗതിയും മോണിറ്ററിംഗും സോഷ്യൽ ആഡിറ്റും. വ്യക്തമായിട്ട് ഓരോ ഗ്രാമസഭയും ഒരു കൊല്ലത്തിൽ എന്താണ് ചെയ്യേണ്ടതെന്ന് പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രധാനപ്പെട്ട ഉദ്ദേശ്യത്തോടുകൂടി നടത്തിയ ഭരണഘടന ഭേദഗതിയുമായി ബന്ധപ്പെട്ട നിയമത്തിന്റെ ഭാഗമായാണ് ഗ്രാമസഭകൾക്ക് ഇത്രയും പ്രാധാന്യം കൊടുക്കുന്നത്. പലപ്പോഴും ഗ്രാമസഭകളിൽ പങ്കെടുക്കുന്ന ആളുകൾ ആനുകൂല്യം കിട്ടുന്ന ആളുകൾ മാത്രമായി ചുരുങ്ങുകയാണ്. ഗ്രാമസഭകൾ കുറേക്കൂടി സജീവമാക്കാനുള്ള നിർദ്ദേശത്തിന്റെ ഭാഗമായി അതാത് പഞ്ചായത്തുകളിൽ നടക്കുന്ന മരാമത്ത് വർക്കുകളുടെയും മറ്റും എസ്റ്റിമേറ്റുകളെല്ലാം ഇംഗ്ലീഷിലാണ് സാധാരണ പ്രസിദ്ധീകരിക്കുന്നത് എന്നതിനാൽ ആ എസ്റ്റിമേറ്റുകൾ മലയാളത്തിൽ കൊടുക്കുകയും അത് ഗ്രാമസഭകളിൽ വായിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നതിന് ഒരു നിർദ്ദേശം സമർപ്പിക്കുകയാണ്. ഗവൺമെന്റ് അത് പരിഗണിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, Transparency തന്നെയാണ് ഇതിന്റെ മുഖമുദ്ര. എന്താണ് നടക്കുന്നതെന്ന് സാധാരണ ജനങ്ങൾ അറിഞ്ഞിരിക്കണം. അദ്ദേഹം പറഞ്ഞകാര്യങ്ങൾ തീർച്ചയായിട്ടും പരിഗണിക്കുന്നതാണ്. മലയാളത്തിൽ വിവർത്തനം ചെയ്യാനാവശ്യമായ കാര്യങ്ങൾ ചെയ്യാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റേയും വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും ഏറ്റവും ഉജ്ജ്വലമായ മാതൃക കേരളത്തിലെ ഗ്രാമസഭകളാണ്. 1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ് ഈ പദ്ധതി കൊണ്ടുവന്നത്. ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായിട്ടാണ് ഇത് കേരളത്തിൽ ആരംഭിച്ചത്. നമ്മുടെ നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ധാരാളമുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ ആവശ്യങ്ങൾ, ജനങ്ങൾക്ക് എന്തുവേണം എന്ന് അങ്ങോട്ട് ചോദിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഗ്രാമസഭയിൽ ഉയർന്നുവരുന്നത്. ജനങ്ങൾ ഒരുപാട് കാര്യങ്ങൾ പറഞ്ഞു, അത് പദ്ധതികളാക്കി നടപ്പിലാക്കിയപ്പോൾ കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഉജ്ജ്വലമായ മുന്നേറ്റമുണ്ടായി. എന്റെ ചോദ്യം, ഇപ്പോൾ പഞ്ചായത്തുകൾക്ക് വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെടുത്തി അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും കൊടുക്കുന്നില്ല. അതു കഴിഞ്ഞ മൂന്ന്, നാല് വർഷത്തെ അനുഭവമാണ്. ഫണ്ട് പൂർണ്ണമായും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ അധികാരവികേന്ദ്രീകരണം ഏറ്റവും പ്രധാനപ്പെട്ടതാണ്. കേരളം അതിന് മാതൃക കാണിച്ചതാണ്. അത് ജനകീയാസൂത്രണത്തിന്റെ സമയത്ത് വന്നതല്ല. ഭരണഘടന ഭേദഗതി പ്രകാരം നമ്മൾ പാസ്സാക്കിയതാണ്. അത് പൈലറ്റ് ചെയ്തത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. നമ്മുടെ എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിന്റെ വിജയമാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, അദ്ദേഹം ചോദിച്ചത് ഫണ്ട് യഥാസമയം അനുവദിക്കുമോ എന്നാണ്. എപ്പോഴും ഫണ്ട് അലോട്ട്മെന്റ് അവസാനത്തേക്ക് നീണ്ടുപോയിട്ട് കിട്ടാതായിട്ടുണ്ട്. അത് ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. ഗവൺമെന്റ് ഇതിൽ വളരെ താൽപ്പര്യം കാണിക്കുന്നുണ്ട്. ഇപ്രാവശ്യം സ്പെഷ്യൽ മെയിന്റനൻസ് ഗ്രാന്റ് അടക്കം കൊടുക്കും. ഫണ്ട് യഥാസമയം കൊടുക്കുന്നതിനുവേണ്ടി പരമാവധി ഉത്സാഹിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയിലെ ഏറ്റവും വലിയ അപജയമായി മാറിയിരിക്കുകയാണ് ഗ്രാമസഭകളിലെയും വാർഡ് സഭകളിലെയും പങ്കാളിത്തക്കുറവ്. പക്ഷേ റെസിഡന്റ്സ് അസോസിയേഷന്റെ യോഗം വിളിച്ചാൽ 100 കണക്കിനാളുകൾ മൈക്ക് സെറ്റും കെട്ടി ഭയങ്കര ആഘോഷമായി ഡിന്നർ സഹിതം നടത്തുന്നു. അതുപോലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളും വളരെ ഉഷാറായി ബി.പി.എൽ.-ന് ഇടയിൽ നടക്കുന്നു. 15 മുതൽ 20 വരെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുള്ള വാർഡുകൾ എന്റെ മണ്ഡലത്തിലുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, നിർബന്ധപൂർവ്വം റെസിഡന്റ്സ് അസോസിയേഷനുകൾക്കും അയൽക്കൂട്ടങ്ങൾക്കും ഇതിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിൽനിന്നും ഔദ്യോഗികമായി നിയമ ഭേദഗതിയിലൂടെ കൊണ്ടുവരാൻ തയ്യാറാകുമോ? അതല്ലെങ്കിൽ ഗുണഭോക്താക്കളെ ഒരുമിച്ച് തീരുമാനിക്കാതെ ഓരോ ഗ്രാമസഭകളിലും വച്ച് ഓരോ ഐറ്റം എടുത്ത് തീരുമാനിക്കുമെന്ന് പറഞ്ഞാലും കുറച്ചുകൂടി പങ്കാളിത്തമുണ്ടാകും. അങ്ങനെയൊരു ഭേദഗതി വരുത്താൻ തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഇപ്പോൾ തന്നെ ഒരു ലക്ഷത്തിന് മേലെ ജനസംഖ്യയുള്ള മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ വാർഡ് കമ്മിറ്റി എന്നൊരു സംവിധാനമുണ്ട്. ആ വാർഡ് കമ്മിറ്റിയിൽ റെസിഡൻസ് അസോസിയേഷന്റെ ഭാരവാഹികളുണ്ട്. ഇക്കാര്യത്തിൽ മറ്റൊന്ന് കൂടി ചെയ്യുന്നുണ്ട്. പഞ്ചായത്ത് മെമ്പറാണല്ലോ ഇതിന്റെ കൺവീനർ. ഇന്നത്തെ നിയമപ്രകാരം ഇത് വിളിച്ചുകൂട്ടാനുള്ള നിയമപരമായ ബാദ്ധ്യത പഞ്ചായത്ത് മെമ്പറിൽ നിക്ഷിപ്തമായിട്ടില്ല. അതുകൊണ്ട് കോടതിയുടെ ജഡ്ജ്മെന്റിന്റേയും കൂടി അടിസ്ഥാനത്തിൽ ആക്റ്റിൽ ഒരു ഭേദഗതി ആഗ്രഹിക്കുകയാണ്. അതായത് ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നത് മെമ്പർമാരുടെ നിർബന്ധ ബാദ്ധ്യതയായി മാറ്റാൻ ഉതകുന്ന വിധത്തിലുള്ള ഒരു നിയമ ഭേദഗതിക്കുവേണ്ടിയുള്ള ബിൽ സർക്കുലേഷനിലാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അതാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എ. എ. അസീസ്: സർ, ഗ്രാമസഭയും വാർഡ് സഭയും ആരംഭ കാലഘട്ടത്തിൽ വളരെ സജീവമായി നടന്നിരുന്നതാണ്. നല്ല ഗ്രാമീണ പങ്കാളിത്തവുമുണ്ടായിരുന്നു. അത് കുറയാനിടയായത് ഗ്രാമസഭകളിലും വാർഡ് സഭകളിലും നല്ല വിമർശനങ്ങൾ പഞ്ചായത്ത് മെമ്പർമാർക്കെതിരെ ഉണ്ടായതിന്റെ ഫലമായിട്ടാണ്. പിന്നീട് ഇപ്പോൾ ഗ്രാമസഭകൾ പലതും കൂടുന്നില്ല. കൃത്രിമമായ രേഖകൾ ചമയ്ക്കുന്നതായും പല സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ഗ്രാമീണരുടെ പേര് എഴുതി കള്ള ഒപ്പിട്ട് എണ്ണം തികയ്ക്കുന്ന റിപ്പോർട്ടുകൾ ധാരാളം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് പഞ്ചായത്ത് തലത്തിൽ തന്നെ പഞ്ചായത്ത് മെമ്പർമാർ നിർബന്ധമായും ഗ്രാമസഭകൾ വിളിച്ചുകൂട്ടണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് കൊടുക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അത് ഞാൻ ഇവിടെ വിശദീകരിച്ചു. നിയമം തന്നെ ഭേദഗതി ചെയ്യാൻ പോവുകയാണ്. ബിൽ ഇപ്പോൾ സർക്കുലേഷനിലാണ്. ബില്ലിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. ഇതുപ്രകാരമാണ് ചെയ്യാൻ പോകുന്നത്. പഞ്ചായത്ത് മെമ്പർമാരുടെ ബാദ്ധ്യതയാക്കി മാറ്റുകയാണ്. പഞ്ചായത്ത് മെമ്പർമാർക്ക് ഇതിൽ നിന്ന് ഒഴിയാൻ സാധിക്കില്ല. നിയമപ്രകാരം പഞ്ചായത്ത് മെമ്പർ ഇത് വിളിച്ചുകൂട്ടിയേ പറ്റൂ. അത് അദ്ദേഹത്തിന്റെ ബാദ്ധ്യതയാക്കി മാറ്റുന്ന വിധത്തിൽ 3-ാം വകുപ്പ് മാറ്റാൻ പോവുകയാണ്. അതിനുള്ള ബിൽ സർക്കുലേറ്റ് ചെയ്ത് കഴിഞ്ഞു. തീർച്ചയായിട്ടും ഇത് ഗൗരവമുള്ള കാര്യമാണ്.

ശ്രീ. പി. ജെ. ജോയ്: സർ, ഭരണഘടനാപരമായി രണ്ട് ഗ്രാമസഭകൾ ഒരു വർഷം കൂടാതെ ബാദ്ധ്യതയുള്ളൂ. പക്ഷേ സംസ്ഥാന ഗവൺമെന്റ് അത് നാല് ഗ്രാമസഭകളാക്കി മാറ്റി. ഈ രണ്ട് ഗ്രാമസഭകളെങ്കിലും ഭരണഘടനാപരമായ നല്ല പങ്കാളിത്തത്തോടുകൂടി നടത്താനുള്ള ഒരു ശക്തമായ നിർദ്ദേശം ഗവൺമെന്റ് കൊടുക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശരിക്കുപറഞ്ഞാൽ അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്ത പൂർണ്ണമാകണമെങ്കിൽ കൂടുതൽ പ്രാവശ്യം കൂടണം. ഇപ്പോൾ മൂന്ന് മാസത്തിലൊരിക്കൽ എന്നത് ആക്റ്റിലെ സംഗതിയാണ്. അതുപ്രകാരമാണ് കൊല്ലത്തിൽ നാലെണ്ണമുള്ളത്. ആക്റ്റ് പ്രകാരമേ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഭരണഘടനാ ഭേദഗതി അനുസരിച്ച് തന്നെ ആക്റ്റ് പ്രകാരമുള്ള കാര്യമാണ്. അതുകൊണ്ട് അത് നമുക്ക് സജീവമാക്കണം. സജീവമാക്കണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതിൽ ഏറ്റവും പ്രധാനമെന്ന് പറയുന്നത്, ജനങ്ങൾ തന്നെയാണ് പരമാധികാരികൾ എന്ന ബോധം ജനങ്ങൾക്കുണ്ടാകണം. അതിനുവേണ്ടിയുള്ള പ്രചരണ പ്രവർത്തനങ്ങൾ, അവബോധത്തിനുവേണ്ടിയുള്ള കാര്യങ്ങൾ എന്നിവയിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കാൻ ആഗ്രഹിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, എന്തുപറഞ്ഞാലും അധികാരവികേന്ദ്രീകരണം അതിന്റേതായ അർത്ഥത്തിൽ ഉൾക്കൊണ്ട് നടപ്പിലാക്കിയത് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയാണ്. അന്ന് അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും സജീവമായിരുന്നു. ഇന്ന് ഇവിടെ മെയിന്റനൻസ് ഗ്രാന്റ് കൊടുത്തിട്ടുണ്ട്. പക്ഷേ അത് വിനിയോഗിക്കുന്ന കാര്യത്തിൽ കാലതാമസം വന്നിട്ടുണ്ട്. അത് കുറച്ചുകൂടി നീട്ടിക്കൊടുക്കാൻ തയ്യാറാകണം. അതോടൊപ്പം തന്നെ ഇപ്പോൾ സാധാരണ ജനങ്ങൾ അറിയുന്നു എന്നുപറയുന്നുണ്ട്, അറിയുന്നില്ല. പല പ്രവൃത്തികളും ഇന്ന് ടെന്റർ ചെയ്യുകയാണ്. ആ ടെന്ററൊക്കെത്തന്നെ നടക്കുന്നത് കരാറുകാരും ഉദ്യോഗസ്ഥൻമാരും ഒത്തിട്ടാണ്. അതുകൊണ്ട് കരാർ മാറ്റി സമിതികളും കൺവീനറും അടക്കമുള്ള ആളുകൾക്ക് പ്രവൃത്തി ചെയ്യാനുള്ള അനുമതി നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ഞാനും ശ്രീ. മോഹനനും അടക്കമുള്ള ജനപ്രതിനിധികൾ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. നിയമം പാസ്സാക്കി ജനങ്ങൾക്ക് കൊടുത്തിട്ടുണ്ട്. അതിന്റെ കണ്ണ് വെട്ടിച്ച് പോകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ഏറ്റവും താഴെ തട്ടിലുള്ള ജനങ്ങളുടെ ഫോറമാണ്.

ആ ഫോറത്തിൽ അത്തരം കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഗ്രാന്റിന്റെ കാര്യം ശ്രീ. മോഹനൻ ഇവിടെ പറഞ്ഞു. മെയിന്റനൻസ് ഗ്രാന്റ് ഇപ്രാവശ്യം കൊടുത്തു. വലിയൊരു നല്ല കാര്യമാണ് ഗവൺമെന്റ് ചെയ്തത്. സ്പെഷ്യൽ മെയിന്റനൻസ് ഗ്രാന്റ് എന്നുള്ള നിലയിൽ അത് മാർച്ച് 31-നകം ചെലവാക്കാൻ പരിമിതിയുണ്ടെന്നും അത് നീട്ടണമെന്നുമുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അന്തിമമായിട്ട് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. പക്ഷേ ഇക്കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് ഗവൺമെന്റ് യുക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഗ്രാമസഭകളും വാർഡ് സഭകളും വിളിക്കാത്തതിന്റെ പേരിൽ അംഗത്വം നഷ്ടപ്പെട്ട സംഭവം വരെ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. അതുകൊണ്ട് അവബോധം ഇല്ലാത്തതിന്റെ അടിസ്ഥാനത്തിലാണ് ജനങ്ങൾ ഭൂരിപക്ഷവും ഇതിൽ പങ്കെടുക്കാത്തത്. അതുകൊണ്ട് ജനങ്ങൾക്ക് പങ്കെടുക്കാനാവശ്യമായ അവബോധം നൽകുന്നതിന് ഇലക്ട്രോണിക് മീഡിയ ഉപയോഗിച്ചുകൊണ്ട് പരമാവധി പ്രചരണം നൽകണം. ഇത് നടന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടി സർവ്വകക്ഷികളും ഉദ്യോഗസ്ഥ പ്രതിനിധികളുമടങ്ങുന്ന മോണിറ്ററിംഗ് സെൽ രൂപീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, യഥാസമയം ഗ്രാമസഭകൾ വിളിച്ചു കൂട്ടാത്തതിന്റെ പരാതിയെത്തുടർന്ന് തൃശ്ശൂർ ജില്ലയിൽ കയ്പമംഗലം എന്ന പഞ്ചായത്തിലെ ഒരംഗത്തെ അയോഗ്യനാക്കിയിട്ടുണ്ട്. തീർച്ചയായിട്ടും വിളിച്ചുകൂട്ടേണ്ടത് തന്നെയാണ്. ഇതിൽ രണ്ട് കാര്യം ചെയ്യാം. ആദ്യം പറഞ്ഞതുപോലെ നിയമത്തിൽ തന്നെ ഭേദഗതി വരുത്തി അവരുടെ ഡ്യൂട്ടിയാക്കി മാറ്റാം. രണ്ടാമത്, ഇലക്ട്രോണിക് മീഡിയ ഉപയോഗിച്ചുള്ള പ്രചരണങ്ങൾ ക്കാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, പലപ്പോഴും ഗ്രാമസഭകൾക്ക് ക്വാറമില്ലാതെ കൂടാൻ കഴിയുന്നില്ല എന്നൊരു അവസ്ഥ ഉണ്ടാകാറുണ്ട്. അങ്ങ് ഇവിടെ പറഞ്ഞു ഗ്രാമസഭകൾ സജീവമാക്കാൻ നിയമ ഭേദഗതി കൊണ്ടുവരുമെന്ന്. പദ്ധതി തയ്യാറാക്കുന്ന സന്ദർഭത്തിൽ ഗ്രാമസഭ കൂടുന്നതുപോലെ തന്നെ വർക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്ന സന്ദർഭത്തിൽ ഗ്രാമസഭകൾക്ക് കൂടെക്കൂടി ഇൻവോൾവ്മെന്റ് ഉണ്ടാകത്തക്ക വിധത്തിൽ ഒരു ഭേദഗതി കൊണ്ടുവരുന്ന കാര്യം അങ്ങ് പരിഗണിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, അങ്ങനെയാണ് അതിന്റെ സംവിധാനം. പ്ലാൻ ഉണ്ടാക്കുന്ന ഘട്ടം, ഇംപ്ലിമെന്റേഷൻ ഘട്ടം അങ്ങനെ ഓരോ ഘട്ടത്തിലും ജനങ്ങളുടെ ഇൻവോൾവ്മെന്റ് ഉറപ്പുവരുത്താൻ വേണ്ടിയാണ് വ്യത്യസ്തമായ ടേമിൽ ചേരുന്ന ഈ നാല് സഭകൾക്കും അതിന്റേതായിട്ടുള്ള ഡ്യൂട്ടി നമ്മൾ നൽകിയിട്ടുള്ളത്. അതുകൊണ്ട് ആ നിലയിൽത്തന്നെ പദ്ധതി നിർവ്വഹണ ഘട്ടത്തിലും ജനകീയപങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. അതാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടുതൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly